## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** **19-07-2022 - ൽ മറുപടിയ്ക്ക്**

## സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം ശാക്തീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ സമഗ്ര സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാനത്ത് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2010 മുതൽ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് തീരമൈത്രി എന്ന പേരിൽ എല്ലാ തീരദേശ ജില്ലകളിലും കോട്ടയത്തും ജീവനോപാധി പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതി നാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. തീരദേശത്തെ മൽസ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) എന്നീ പദ്ധതികൾ 2021-22 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ സാഫ് പദ്ധതികൾക്കായി 10.55 കോടി രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ 'ഓൾട്ടർനേറ്റീവ് ആന്റ് സപ്പോർട്ടീവ് ലൈവ്‌ലിഹുഡ് ഓപ്പർച്യൂണിറ്റി ടു ഫിഷർവിമെൻ ഓഫ് കേരള' എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി വനിതകൾക്ക് വേണ്ടി ടി പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2021-22 വർഷത്തിൽ സാഫ് നടപ്പിലാക്കിയതും 2022-23 വർഷത്തിൽ സാഫ് നടപ്പിലാക്കുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം<br><br>എ) കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ<br><br>ബി) പലിശ രഹിത ചാക്രീകമൂലധന സഹായം<br><br>സി) സാങ്കേതികവിദ്യാ നവീകരണ പദ്ധതി<br><br>ഡി) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ<br><br>ഇ) സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ളിംഗ് യൂണിറ്റ്സ്<br><br>എഫ്) കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻസ്<br><br>2) ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമെൻ ഇൻ കേരള<br><br>3) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്<br><br>4) അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി - അപ്പാരൽ കൺസോർഷ്യം<br><br>5) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്<br><br>6) കേരളബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി<br><br>7) സ്നേഹതീരം പദ്ധതി<br><br>8) മോഡൽ പീലിംഗ് യൂണിറ്റ്<br><br>9) ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ<br><br>10) ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് - ഓൺലൈൻ കോഴ്സ് |
| (ബി) | സാഫ് മുഖേന തീരമൈത്രി സീഫുഡ് ഭക്ഷണശാലകൾ ആരംഭിക്കുവാൻ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; | (ബി) | സാഫ് മുഖേന തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകൾ തനത് രുചിയോടെ തയ്യാറാക്കുന്ന ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറന്റ് രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് |

| | | | |
|---|---|---|---|
| | | | ലോണം 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിയ്ക്കായി 250 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 9 ജില്ലകളിലായി 45 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.<br><br>മത്സ്യത്തൊഴിലാളി വനിതകൾക്ക് ബദൽ ഉപജീവന മാർഗ്ഗവും മെച്ചപ്പെട്ട സാമൂഹിക നിലവാരവും ലക്ഷ്യമിട്ട് കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വനിതകൾ നടത്തുന്ന റെസ്റ്റോറന്റുകൾ എന്ന നിലയിൽ കിട്ടുന്ന പ്രാമുഖ്യതയും, നാടൻ വിഭവങ്ങളുടെ ആകർഷണീയതയും രുചിമേന്മയും, സാധാരണക്കാർക്ക് താങ്ങാവുന്ന വിലയും പദ്ധതിയുടെ പ്രത്യേകതകളാണ്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സംരംഭകത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കും. കരിമീൻ, കക്ക, കൊഞ്ച്, ഞണ്ട്, കൂന്തൽ എന്നിവയുടെ വൈവിദ്ധ്യ മത്സ്യവിഭവങ്ങൾ വളരെ രുചികരമായി സീഫുഡ് റെസ്റ്റോറന്റുകൾ വഴി ലഭിക്കുന്നു. മലപ്പുറം ജില്ലയിലെ സീ ഫുഡ്റെസ്റ്റോറന്റുകളിൽ ലഭ്യമാക്കി വരുന്ന കടൽ സദ്യ പ്രത്യേക ശ്രദ്ധ നേടിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബത്തിനും സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുവാനുള്ള സാഫിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബത്തിനും സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം<br><br>എ) കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ<br><br>ബി) പലിശ രഹിത ചാക്രീകമൂലധന സഹായം<br><br>സി) സാങ്കേതികവിദ്യാ നവീകരണ പദ്ധതി<br><br>ഡി) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ<br><br>ഇ) സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ളിംഗ് യൂണിറ്റ്സ്<br><br>2) അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി - അപ്പാരൽ കൺസോർഷ്യം<br><br>3) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്.<br><br>4) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് |

| | | | |
|---|---|---|---|
| | | | 5) മോഡൽ പീലിംഗ് യൂണിറ്റ് |

സെക്ഷൻ ഓഫീസർ